VIDWAN KRISHNAN RISHI

RAMAN NAMBOODRI

G15:1M24w 32R7

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
096090

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 015: 1M24W; 32F7

Accession Number 96090

Available for loan from

This book should be returned on or before the date last marked below.

O. 61

17

# വിദ്വാൻ കൃഷ്ണന്നൃഷി.

(സാഹിത്യമധുരിതമായ ജീവചരിത്രസംഗ്രഹം)


ഗ്രന്ഥകർത്താ

പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി

തിരുവനന്തപുരം.



എൽ. എസ്. പ്രസ്സ്:

കോട്ടക്കൽ

൧൧൦൨

[വില. ണ. ൪.

6 SEP 1938

96090

015: 1M24w
32F7

# മുഖവുര

ഈ പുസ്തകത്തിന് ഒരു 'മുഖവുര' എഴുതാൻ പുറപ്പെട്ടതിനും, ഓട്ടിൻപുറത്ത് ഓലകെട്ടാൻ പുറപ്പെട്ടതിനും തമ്മിൽ തുല്യചമൽകാരമാണുള്ളതെന്ന് എനിക്കറിയാം. ചമൽകാരപട്ടല്ലാത്തവയും ചിലപ്പോൾ കർത്തവ്യകോടിയിൽ കടന്നുകൂടുമ്പോൾ, അവയെ തള്ളിക്കളയാതെ അനുഷ്ഠിക്കേണ്ടതായിരിക്കുകയാണല്ലോ ആവശ്യവും ഔചിത്യവും, എന്നേ ഇവിടെ സമാധാനിക്കുവാനുള്ളൂ. ആ കർത്തവ്യകർമ്മമെന്തെന്നാൽ ഈ കാര്യങ്ങളെ പ്രകാശിപ്പിക്കുകതന്നെ.

൧൦൯൮-ൽ ആണെന്നാണ് തോന്നുന്നത്, ഞാൻ ഈ ജീവചരിത്രസംഗ്രഹം എഴുതിയത്. അതിനു വിശേഷിച്ചൊരു കാരണമായത്, ആയുർവ്വേദധുരന്ധരർ കൊളത്തേരി ശങ്കരമേനോനവർകൾ വിദ്വാൻ കൃഷ്ണഋഷിയുടെ ഒററശ്ലോകങ്ങൾ ശേഖരിച്ച് അച്ചടിപ്പിക്കുവാൻ പോകുന്നുണ്ടെന്നും, ഋഷിയുടെ ഒരു ജീവചരിത്രംകൂടി ആ പുസ്തകത്തിൽ ചേർക്കേണ്ടതാകകൊണ്ട് ഉടൻ ഒന്നു

ഴുതണമെന്നും ഏന്നിക്കെഴുതിയിരുന്നതാണ്. അ
തനുസരിച്ചെഴുതിയ ഈ പ്രബന്ധം അക്കാലത്തു
ത്താൻ ഏറെക്കുറെ അനുസ്യൂതമായി ലേഖകകൃ
ത്യം നടത്തിക്കൊണ്ടിരുന്ന 'നസ്രാണിദീപികം'
പത്രത്തിൽ ഖണ്ഡം ഖണ്ഡമായി പ്രസിദ്ധീകരി
ച്ചിരുന്നു. കൃത്യാന്തരശതപാരതന്ത്ര്യത്താൽ പ്ര
തിബദ്ധനായ ശ്രീശങ്കരമേനോനവർകളുടെ പ്ര
സിദ്ധീകരണപരിശ്രമം ചിരാന്തരപരമാകാനാ
ണ് പിന്നെ സംഗതിയായതു്. ജന്മംകൊണ്ടും കർ
മ്മംകൊണ്ടും ധർമ്മംകൊണ്ടും കേരളീയൎക്ക് അ
ഭിമാനജനകനായ ഒരു മഹാവിദ്വാന്റെ ജീവി
തചരിതസംഗ്രഹവും ഏതാനും പ്രൌഢോജ്ജ്വ
ലപദ്യങ്ങളും നശിച്ചുപോകാതെ നോക്കേണ്ടതു
ദേശഭക്തിയും ഭാഷാഭിമാനവും ഉള്ളവരുടെ ഭാര
മാണല്ലോ എന്നുള്ള വിചാരം, ഇതാ ആ പ്രബ
ന്ധത്തെ ഈവിധം പ്രത്യേകപുസ്തകമാക്കിത്തീർ
ത്തിരിക്കുന്നു.

പത്രത്തിൽ ചേർത്തിട്ടില്ലാത്ത മൂന്നുനാലു
പദ്യങ്ങൾ കൂടി ഇപ്പോൾ ഈ പുസ്തകത്തിൽ
ചേർത്തിട്ടുണ്ട്. അവയിൽ, 'നാരായണീയാ ക
രുണാ മനോജ്ഞാ' എന്നതു മേപ്പുത്തൂരിന്റെയാ
ണെന്നും, ഋഷിയുടെയാണെന്നും പഴമക്കാരു

ടെ ഇടയിൽ പക്ഷഭേദമുണ്ടു്. രണ്ടാംപക്ഷം പ്ര
മാണിച്ചാണിവിടെ ചേർത്തിരിക്കുന്നതു്.

ഇപ്രകാരം ഒരു പ്രബന്ധം എഴുതുവാൻ
എന്നെ പ്രേരിപ്പിച്ച ശ്രീമാൻ ശങ്കരമേനവൻ അ
വർകൾക്കാണ് ഇവിടെ ആദ്യം വന്ദനം പറ
യേണ്ടതു്. സ്ത്രീപുരുഷന്മാരെസംബന്ധിച്ച പല
കാര്യങ്ങളും പറഞ്ഞുതന്നും, അദ്ദേഹത്തിന്റെ
ഗ്രന്ഥങ്ങൾ പരിശോധിക്കുവാൻ സൌകര്യമു
ണ്ടാക്കിത്തന്നും എന്നെ സഹായിച്ച സുഹൃന്മ
ണികൾ, ഉഷിയിൽ പരമേശ്വരൻ നമ്പൂതിരി,
കൃഷ്ണൻനമ്പൂതിരിമുതൽപേരോടു് എനിക്കുള്ള കൃ
തജ്ഞതയേയും ഈ പ്രകൃതത്തിൽ പ്രദർശിപ്പി
ക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതിലൊക്കെ
വലിയ ഭാരമാണ് ഇങ്ങനെ അച്ചടിപ്പിച്ച പു
റത്തിറക്കുക എന്നുള്ളതു്. അതിനു സർവ്വഥാ സ
ഹകരിച്ചിരിക്കുന്ന ഭാഷാപോഷണപരായണനൻ,
പി. വി. കൃഷ്ണവാരിയരവർകളാകട്ടെ, ഇതിന്റെ
നിർമ്മാതാവായ എന്റെ മാത്രമല്ല, പാരായണ
ക്കാരായ ഓരോ കേരളീയരുടേയും നിമ്നവും നി
രന്തരവും ആയ നിത്യസ്മരണയെ അഭ്യർഹിച്ചി
രിക്കുന്നു.

ജീവിതചരിത്രനിബന്ധങ്ങളുടെ വൈകല്യംകൊണ്ടു വലയുന്ന കൈരളീമഹിളക്കു് ഇതു് അല്പമെങ്കിലും ആശ്വാസജനകമാകുമെങ്കിൽ ഞങ്ങളിൽ ഓരോരുത്തരുടേയും പ്രയത്നം സഫലം തന്നെ. അത്ര മത്സരരഹിതന്മാരായ മഹാന്മാർ തീർച്ചപ്പെടുത്തിക്കൊള്ളട്ടേ!!

എന്നു

തിരുവനന്തപുരം } പണ്ഡിതർ,
൧൦൮-ധനു-൩ } ഈ. വി. രാമൻനമ്പൂതിരി.

6 SEP 1938

# വിദ്വാൻ കൃഷ്ണനൃഷി

(ഒരു ജീവചരിത്രസംഗ്രഹം)

മലയാളരാജ്യത്തിന്റെ മഹിമയെ നിലനിർത്താൻ, മററുള്ളവരോടൊപ്പം മലയാളബ്രാഹ്മണരും പരിശ്രമിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ, പരസ്പരസ്പർദ്ധകൊണ്ടു ദുർദ്ധർഷങ്ങളായ അന്യസമുദായങ്ങൾകൂടി, കൈകൂപ്പിക്കൊണ്ടാണു് അക്കഥ കേൾക്കാൻ ഇപ്പോൾ കാപ്പുകെട്ടി കണ്ടുവരുന്നതു്. ഇതിന്റെ ഹേതുവായിരിക്കുന്നതു്, അന്യസമുദായങ്ങളുടെ സൌജന്യസമൃദ്ധിയേക്കാൾ, മലയാളബ്രാഹ്മണരുടെ പരമ്പരാപരിശ്രമത്തിന്റെ വൈഭവവിശേഷംതന്നെയാണെന്നു്, അവരിൽനിന്നു കേരളക്ഷേത്രത്തിനു കൈവന്നുകൂടിയ കണക്കില്ലാത്ത ഗുണഗരിമാവിനെ അനുസന്ധാനം ചെയ്യുന്ന നിർമ്മത്സരഹൃദയന്മാർക്കു വിശ്വാസം വരുന്നതാകുന്നു. വാളോ, വേലോ, കലപ്പയോ, നുകമോ എടുത്തല്ല കേരളബ്രാഹ്മണർ അവരുടെ തരിശായിക്കിടന്നിരുന്ന

പരിസരപ്രദേശത്തെ പരിഷ്കരിപ്പാൻ പുറപ്പെട്ട തെന്നുവെച്ച് അവരെ നിസ്സാരം തള്ളിക്കളയാൻ വയ്യ: അത്, വാളിന്നും, വേലിന്നും. സാധിക്കു വാൻ കഴിയാത്തതും, അവയേക്കാൾ നിശിത മായ ബുദ്ധിയാൽ മാത്രം സാദ്ധ്യവുമായ വിദ്യാഭ്യു ദയം അവരിൽനിന്നാണ് ഈ നാടിനു നേടാൻ കഴിഞ്ഞത് എന്നുള്ളതുകൊണ്ടാണ്. വാൾകൊ ണ്ടുണ്ടാവുന്ന ഉയർച്ച ഒരു നാടിനെ ക്ഷണമാത്ര മേ ഉജ്ജ്വലിപ്പിക്കുന്നുള്ളൂ എന്നും, വിജ്ഞാനലാ ഭംകൊണ്ടുണ്ടാവുന്ന ക്ഷേമത്തെ ഒരു രാജ്യം അ നശ്വരമായിട്ടനുഭവിക്കുമെന്നും പറഞ്ഞറിയിക്കേ ണ്ടതില്ലല്ലോ.

അങ്ങിനേയുള്ള സമുദായത്തിൽ പെട്ട ഒരു നമ്പൂതിരി എന്നല്ല, അങ്ങിനെ വിദ്യാഭ്യുദയം വരുത്തിയ വിശിഷ്ടബ്രാഹ്മണനെന്നാണ വാസ്ത വത്തിൽ "വിദ്വാൻ കൃഷ്ണനൃഷി"യേ വായന ക്കാർ മനസ്സിലാക്കേണ്ടതു്. സംസ്കൃതഭാഷയ്ക്കും അതിലെ ശാസ്ത്രീയശാഖകൾക്കും കേരളത്തിൽ ശാശ്വതപ്രതിഷ്ഠ പണ്ടേതന്നെ ഉണ്ടായിട്ടുണ്ടെ ങ്കിലും, സമീപകാലത്തുണ്ടായ ഒരു നവീനമായ അഭ്യുത്ഥാനം പലതുകൊണ്ടും സ്പൃഹണീയസ്മര ണായേ അർഹിക്കുന്നതാകുന്നു. നമ്പൂതിരിപ്പാട്ടും

പതിനെട്ടരക്കവികളുംകൂടി ക്രീഡിച്ചിരുന്ന കാലമോ, ഉദ്ദണ്ഡപണ്ഡിതരും കാക്കശ്ശേരിയുംകൂടി, കലഹിച്ചിരുന്ന ഘട്ടമോ,

"ദാരിദ്ര്യസ്യ ദയാലുത്വം
കിംബ്രവീമി നരാധിപ!
ആത്മനാശമനാദൃത്യ
ഭവന്തം മാമദർശയൽ". ഫ

എന്ന അനുഷ്ടുപ്പുശ്ലോകത്തിന്റെ ചുമട്ടുകൂലിയായി അയ്യായിരം പണം കൊടുത്ത സ്വാതിത്തിരുനാൾ രാമവർമ്മമഹാരാജാവിന്റെ ജീവിതകാലംപോലെ, സംസ്കൃതഭാഷാഭിമാനികളായ ആധുനികകേരളീയന്മാർക്ക്—ആധുനികവഞ്ചിദേശീയന്മാർക്ക് —അഭിമാനപ്രദമായിരിക്കുന്നില്ല. ഗർഭശ്രീമാനെന്നും ദക്ഷിണഭോജരാജനെന്നും പ്രഖ്യാതനായ അവിടത്തെ രാജ്യഭരണകാലത്താണു് "വിദ്വാൻ കൃഷ്ണൻഋഷി"യുടെ ജനനം.

'ഋഷി' എന്നതു് ഒരു ഗൃഹനാമധേയമായിട്ടാണു് അറിയപ്പെട്ടിരിക്കുന്നതു്. അതു വിശുദ്ധവും വിലോഭനീയവുമായ ആർഷജീവിതത്തെ അനുവർത്തിച്ചിരുന്ന ഒരു ജനപരമ്പരയിൽ, ഋഷിത്വത്തെ അന്നത്തെ ജനസാമാന്യം അദ്ധ്യാസിക്കയും, ഋഷിശബ്ദത്തെ പ്രയോഗിച്ചുവരിക

യും, ക്രമത്തിൽ ലക്ഷണാബലേന അവരുടെ വാസസ്ഥാനത്തേയും ഋഷിശബ്ദംകൊണ്ടു നിർദ്ദേശിക്കയുമാണ് ഉണ്ടായിട്ടുള്ളതെന്നുള്ള അനുമാനത്തിൽ ഗദാധരഭട്ടന്റെ കൂട്ടുകാർക്ക വല്ല വീഴ്ചയും പറയാൻ കഴിയുമെങ്കിലും, നവീനചരിത്രകാരന്മാർ യാതൊരസാംഗത്യവും അദ്ധ്യാരോപിക്കുമെന്നു തോന്നുന്നില്ല.

തിരുവിതാംകൂർസംസ്ഥാനത്ത് ഏററുമാനൂർ താലൂക്കിൽ കടുത്തുരുത്തി പ്രവൃത്തിയിൽ ഉൾപ്പെട്ട "ആയാംകുടി" എന്ന ദേശത്താണ് ഋഷിയുടെ ഇല്ലം അല്ലെങ്കിൽ "ഋഷിമന" സ്ഥിതിചെയ്യുന്നത്. ആയാംകുടി ദേശം ഒരു കാലത്തു പണ്ഡിതമണ്ഡലത്താൽ മണ്ഡിതമായിരുന്നുവെന്നു സാഹിത്യചരിത്രകോവിദന്മാർ സമർത്ഥിച്ചുകാണുന്നുണ്ടു. കൊല്ലവർഷം 6-ാം ശതാബ്ദത്തിൽ 'ആയാംകുടി' മുതലായ നാടുകളെ ഭരിച്ചിരുന്ന വടക്കുംകൂർ രാജകുടുംബം 'കടുത്തുരുത്തി' അല്ലെങ്കിൽ 'സിന്ധുദ്വീപം' എന്നു സുപ്രസിദ്ധമായ ദേശത്തു രാജധാനി ഉറപ്പിച്ചു സ്ഥിരതാമസമാക്കിയിരുന്നുവെന്നും, അക്കാലത്ത് ആ നാടു "ഉജ്ജയിനി" തന്നേയായിരുന്നുവെന്നും 'ഉണ്ണുനീലിസന്ദേശ'വിമർശനസന്ദർഭ

ത്തിൽ ഉള്ളൂർ പരമേശ്വരയ്യരവർകൾ സയുക്തികം സ്ഥാപിച്ചിരിക്കുന്നു. തന്റെ കൈവശം കിട്ടിയിട്ടുള്ള ഒരു പഴയ ഗ്രന്ഥത്തിൽ "ഗൃധ്രസന്ദേശം" എന്നൊരു സംസ്കൃതകാവ്യം കാണുന്നുണ്ടെന്നും, അതിലെ സന്ദേശഹരനെ തൃശ്ശൂർനിന്നു 'തിരുവനന്തപുര'ത്തുള്ള 'ശ്രീവരാഹ'ത്തേക്കാണ് നായകൻ അയക്കുന്നതെന്നും, നായകൻ മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഘട്ടത്തിൽ 'കടുത്തുരുത്തി'യെ പരാമർശിക്കുകയും, 'കടുത്തുരുത്തി'ക്ക് "ഏററിക്ടാഖ്യദ്വിജവരയശോരാശിനീശാരിതം" എന്നൊരു വിശേഷണം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും, ആ വിശേഷണത്തിൽനിന്നും അക്കാലത്ത് "ഏററിക്ടാഖ്യദ്വിജവരാ"ധികരണമായ 'ആയാംകുടി'യിൽ പണ്ഡിതജനങ്ങൾ ധാരാളമുണ്ടായിരുന്നുവെന്ന് അനുമിക്കാമെന്നും, പൂജനീയങ്ങളായ പല പ്രാചീനപ്രബന്ധങ്ങളുടേയും പ്രസിദ്ധീകരണംമൂലം തന്റെ മാതൃഭാഷാഭിമാനത്തേയും പ്രസിദ്ധീകരിച്ചിരിക്കുന്ന കൊളത്തേരി ശങ്കരമേനോൻ (എം. എ; എൽ. ടി.) അവർകൾ ഒരവസരത്തിൽ ഇതെഴുതുന്ന ആളോട് പറഞ്ഞിട്ടുണ്ട്.

'കൃഷ്ണൠഷി'യുടെ ജനനം ഈദൃശമായ ഒ

ൾ ദേശത്തായത്തു 'ഋഷി'കളും, അദ്ദേഹത്തിൻെറ ജന്മഭൂമികളും പരസ്സരം ഭൂഷണഭൂഷ്യഭാവത്തെ ഉണ്ടാക്കുന്നു എന്നു സഹൃദയസമുദായത്തോടു പറയേണ്ടതില്ലല്ലോ. ഋഷിമനസ്സുള്ളവർ ഭാർഗ്ഗവവൈതഹവ്യഗോത്രത്തിൽ പെട്ടവരും, ആശ്വലായനഗൃഹ്യാനുസാരികളും, ആഭിജാത്യംകൊണ്ടു സ്വസമുദായത്തിൽ അദ്വിതീയതയെ അർഹിക്കുന്നവരും ആകുന്നു. കൃഷ്ണനൃഷിയുടെ മാതാപിതാക്കൾ നാരായണൻ ഋഷിയും, ഉമാദേവി അന്തർജ്ജനവുമായിരുന്നു.

"ശ്രീമൽഭാഗവതാർത്ഥതത്വകഥനേ
യോവാചരശ്രീശ്ശുകോ
ദ്വേധാ മൽഗുരുനായകോ ദ്വിജവരോ
നാരായണാഖ്യഃ"

എന്നിങ്ങിനെ രാവണവിജയം ആട്ടക്കഥയിൽ പ്രശംസിക്കപ്പെട്ടിട്ടുള്ള കിഴക്കാഞ്ചേരി നാരായണൻ നമ്പൂതിരിപ്പാട്ടിലേയും, 'വിഷ്ണുമായാചരിതം' തുള്ളലിൻേറയും മററും കർത്താവായ ഉമാദേവിത്തമ്പുരാട്ടിയുടേയും പുത്രനായ കിളിമാന്തൂർ വിദ്വാൻ കോയിത്തമ്പുരാനേയും, അവരേയും നമ്മുടെ 'ഋഷിവിദ്വാ'നും അദ്ദേഹത്തിന്റെ പിതാക്കന്മാരും ഈ ഘട്ടത്തിൽ സഹൃദയന്മാരെ അ

നുസ്മരിപ്പിക്കുന്നുണ്ടെങ്കിൽ അതു സന്തോഷാധായകമായ ഒരു സംഗതിയാണല്ലോ. 'കൃഷ്ണനൃഷി' യുടെ പിതാവായ 'നാരായണനൃഷി' കിഴക്കാഞ്ചേരി നാരായണൻനമ്പൂതിരിയെപ്പോലെ പരമഭാഗവതനോ, മാതാവായ ഉമാദേവി അന്തർജ്ജനം കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടിയോടൊപ്പം ഒരു വാസനാകവയിത്രിയോ ആയിരുന്നില്ലെങ്കിലും, വിദ്വാൻ കൃഷ്ണനൃഷി വിദ്വാൻ കോയിത്തമ്പുരാനോടു സദൃശനോ അധികനോ ആയ ഒരു ഉത്തമപണ്ഡിതനും വിശിഷ്ടകവിയും ആയിരുന്നുവെന്നു നമുക്കു വഴിയേ മനസ്സിലാക്കാം. 'കൃഷ്ണനൃഷി'യുടെ പിതാവായ നാരായണനൃഷി വളരെ വിശുദ്ധനും, ഒരു ഉയർന്ന വേദവിത്തും ആയ ശ്രോത്രിയബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിനു സാഹിത്യരസികത്വമോ, ശാസ്ത്രപാണ്ഡിത്യമോ കലശലായിട്ടുണ്ടായിരുന്നില്ലെങ്കിലും, ബ്രാഹ്മണകർമ്മങ്ങളിലും, ആശ്രമധർമ്മങ്ങളിലും കലശലായ കണിശമുണ്ടായിരുന്നു. കൊച്ചിസ്സീമയിൽപെട്ട തോട്ടാദേശത്തുള്ള മല്ലപ്പിള്ളിമനയ്ക്കൽനിന്നാണ് അദ്ദേഹം വേളി കഴിച്ചിരുന്നത്. നാരായണനൃഷിക്കു ആ ഉമാദേവി അന്തർജ്ജനത്തിലുണ്ടായ സീമ

ത്തസന്താനമാണ് നമ്പൂതിരിമാരുടെ ഇടയിൽ അതിപ്രസിദ്ധനായ "ഋഷിയിൽ സ്വാമിയാർ." സ്വാമിയാർ തിരുമനസ്സുകൊണ്ടു ബ്രഹ്മചര്യം മുതലായ മൂന്നാശ്രമങ്ങളേയും സ്വീകരിച്ചു വിരക്തനായതിൻെറ ശേഷമാണ് മോക്ഷപദലക്ഷണമായ സന്യാസാശ്രമത്തെ സ്വീകരിച്ചത്. അല്ലാതേ, അഭിനവസന്യാസിംമന്യന്മാരായ ചില ആനന്ദമന്ദിരങ്ങളേപ്പോലെയോ, ഭാസാഭാസന്മാരേപ്പോലേയോ കയറിയ ക്ലാസുകളിലൊക്കെ ത്തോററ് ഒന്നിനും കൊള്ളരുതാത്തവരായി, കൊററിനും ഗതിയററ് ഒടുക്കം ഒരു കാഷായവസ്ത്രവും, ആനന്ദസ്ഥാനവും കൈക്കലാക്കി അലഞ്ഞുതിരിഞ്ഞു മോക്ഷം വിൽക്കാൻ തുനിഞ്ഞ ആളല്ല.

നാരായണനൃഷിക്ക് ആറാണ്മക്കളും രണ്ടു പെൺമക്കളുമാണ് ഉമാദേവി അന്തർജ്ജനത്തിലുണ്ടായിട്ടുള്ളത്. അവരിൽ ജ്യേഷ്ഠപുത്രൻ "സ്വാമിയാർ തിരുമനസ്സുകൊണ്ടാ"ണ് എന്നു മുമ്പു പറഞ്ഞുവല്ലോ. നമുക്കു ജിജ്ഞാസിതനായ "വിദ്വാൻ കൃഷ്ണനൃഷി" കനിഷ്ഠപുത്രനായിരുന്നു. അതായത് അദ്ദേഹത്തിന്ന് അനുജന്മാരുണ്ടായിരുന്നില്ല. ഒരു സ്വാമിയാരെ ജ്യേഷ്ഠപുത്രനായും, ഒരു മഹാവിദ്വാനെ കനിഷ്ഠപുത്രനായും ലഭി

ക്കാൻ ഭാഗ്യമുണ്ടായ നാരായണനൃഷിയുടെ പുത്രസമ്പത്തിൻെറ ആദ്യവസാനം ഏററവും ആശാസ്യവും അഭിലഷണീയവുമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

കൊല്ലവർഷം 999-ാംമാണ്ടു വൃശ്ചികമാസത്തിൽ ഉത്രട്ടാതി നക്ഷത്രമാണ് "വിദ്വാൻ കൃഷ്ണൻ ഋഷി"യുടെ ജനനസുദിനം. ജാതകർമ്മംമുതൽ സമാവർത്തനംവരെ ഉള്ള ബ്രാഹ്മണർക്കു വേണ്ടതായ സംസ്കാരകർമ്മങ്ങൾ എല്ലാം വിശിഷ്ടനായ പിതാവുതന്നേയാണ് നടത്തിയതു്. കുട്ടിക്കാലത്തു പറയത്തക്ക ദിനങ്ങൾക്കൊന്നും ഋഷി വശംവദനായിട്ടില്ല. ഉണ്ണി (സമാവർത്തനം ചെയ്യുന്നതുവരെ നമ്പൂതിരിബാലന്മാരെ ഇങ്ങിനേയാണ് നിർദ്ദേശിക്കുക)യായിക്കുമ്പോൾത്തന്നേ അദ്ദേഹം അന്നത്തേ അവസ്ഥ അനുസരിച്ചുള്ള സാമാന്യവിഭ്യാസത്തിൽ വ്യാപരിച്ചിരുന്നു. എങ്കിലും സംസ്കൃതത്തിൽ പറയത്തക്ക പാണ്ഡിത്യമൊന്നും അക്കാലത്ത് അദ്ദേഹത്തിന്നു ലഭിച്ചിരുന്നില്ല. എന്നല്ല, അദ്ദേഹത്തിൻെറ പിതാവും, ജ്യേഷ്ഠസഹോദരന്മാരും എല്ലാവരും വേദവിന്മണികളായിരുന്നിട്ടും, സംസ്കാരാർത്ഥം 'മുതൽമുറ' (വേദം ആദിമുതൽ അവസാനംവരെ

ഗുരുവിങ്കൽനിന്നും ഉപദേശം വാങ്ങുക— അതി ന്നുള്ള സാങ്കേതയാണ് മേൽ കാണിച്ചതു്. ഇതു നമ്പൂതിരിമാരുടെ ഇടങ്ങിൽ ഇന്നും പ്രാചുര്യേ ണ പ്രചരിക്കുന്ന ഒരു ശുദ്ധമലയാളവാക്കാണ്) കഴിച്ചിട്ടുള്ളതല്ലാതെ, തന്റെ കുലസമ്പത്തായ ഋഗ്വേദം മുഴുവൻ യഥാകാലം (ഉപനയനാനന്ത രം സമാവർത്തനംവരേയ്ക്കുള്ള അഞ്ചെട്ടുകൊല്ലം വേദാദ്ധ്യയനത്തിന്നുള്ള കാലമാകുന്നു) അദ്ദേഹ ത്തെ അഭ്യസിപ്പിച്ചില്ല എന്നുള്ളതു് അന്നത്തെ കാലസ്ഥിതിക്കും, ഋഷിയുടെ കുടുംബസ്ഥിതിക്കും അത്യധികം ആശ്ചര്യജനകമായ ഒരു സംഗതി യായിട്ടാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്. ഏ തായാലും അദ്ദേഹത്തെ വിശ്വവിശ്രുതനാക്കി ത്തീർത്ത ആ വമ്പിച്ച വൈദുഷ്യസമ്പത്തു സ്വ ന്തം പരിശ്രമത്താൽ ആർജ്ജിക്കപ്പെട്ടതാണെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

കൃഷ്ണനൃഷി, സമാവർത്തനാനന്തരം കുറച്ചു കാലംകൂടി ആയാംകുടിയിൽത്തന്നെ താമസിച്ചു. പിന്നീടു സംഗതിവശാൽ ഒരിക്കൽ വൈക്ക ത്തേക്കു പോകുന്നതിന്നും, അവിടേയുള്ള സർ ക്കാർവക ഹോമപ്പുരയിൽ ഹോമക്കാരനായി താ മസിക്കുന്നതിന്നും ഇടയായി. ഇവിടെ അങ്ങി

ന്നെ താമസമുറപ്പിക്കുകയാൽ, ഹോമം കഴിക്കുന്നതിനും, അതിൽനിന്നും അത്യാവശ്യത്തിനുള്ള ദ്രവ്യാർജ്ജനം ചെയ്യുന്നതിനും മാത്രമല്ല സംഗതിയായത്. അതോടുകൂടിത്തന്നെ അദ്ദേഹത്തിൻറ വിദ്യാഹോമവും, വിദ്യാർജ്ജനവുംകൂടി ചെയ്യുവാൻ ഇടവന്നു. അതിങ്ങിനെയാണ്.

കൊല്ലവർഷം 11-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഹാപുരുഷന്മാരുടെ മുന്നണിയിൽ ഏതുകൊണ്ടും ശോഭിച്ചിരുന്ന ഒരു മഹാനും, കേരളീമഹിളയെ കൈകൊള്ളിച്ചുകൊണ്ടു പതിവായി നിദിദ്ധ്യാസനം ചെയ്യിക്കത്തക്കവണ്ണം പല അനർഘഭൂഷണങ്ങളെക്കൊണ്ടും അലങ്കരിച്ച ഭാഷാഭിമാനിയും, "വിദ്യകൊണ്ടും വിത്തംകൊണ്ടും വിമലചരിതംകൊണ്ടും സദ്യശസ്സുനേടി", കുലശേഖരപ്പെരുമാറുംകൂടി "പെരുകമാദരത്തോടു പെരുമാറുംനിലയിൽ" പുലർന്നുപോന്ന പുണ്യാത്മാവും, അന്നത്തെക്കാലത്തെ ഒരതിമേധാവിയും, അതിമാനുഷനും ആയിരുന്ന "വൈക്കത്തു പാച്ചുമൂത്തത്" വൈക്കത്തുതന്നെ താമസിക്കുന്ന ഘട്ടത്തിലാണ് കൃഷ്ണറൃഷി അവിടെ ഹോമക്കാരനായിട്ടു ചെന്നുകൂടിയത്. ഇവർ രണ്ടുപേരും വൈക്കത്തു സ്ഥിരതാമസക്കാരായ

ഴപ്പോൾ പരസ്പരം പരിചയപ്പെടുന്നതിനും, പ്ര ണയപ്പെടുന്നതിനും അവസരമുണ്ടായി. അങ്ങി നെ ഋഷി അദ്ധ്യയനോൽസുകനായും, പാച്ചുമൂ ത്തു് അദ്ധ്യാപനോത്സാഹിയായും പരിണമി ച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ 'ഹോമപ്പുര' യിൽവെച്ചുന്നു ഹോമം നടത്താൻ ആൾ വേറെ നിയമിക്കപ്പെട്ടുവെങ്കിലും, അതിലും, ഏതിലും മഹത്തായ ആവിദ്യാഹോമം നടത്തുന്ന ജോലി യിൽ ഋഷിക്കു മുടക്കമോ മടക്കമോ ഉണ്ടായില്ല.

ലോകവ്യുല്പത്തിക്കു വേണ്ട വകകൾ എ ല്ലാംതന്നെ പാച്ചുമൂത്തതിൻെറ അടുക്കൽനിന്നു നമ്മുടെ ഋഷികുമാരൻ സമ്പാദിച്ചു. എന്നുവെ ച്ചാൽ, ശ്രീരാമോദന്തത്തിൻെറ കുറേ ശ്ലോക ങ്ങളും, ശ്രീകൃഷ്ണവിലാസത്തിൽ വല്ലതും ഒരു സർഗ്ഗവും ആയിരിക്കും അദ്ദേഹം മൂത്തതിൻെറ അടുക്കൽ പഠിച്ചതു് എന്നു വിചാരിച്ചുപോകരു തു്. രഘുവംശം, കുമാരസംഭവം, മാഘം, നൈ ഷധം, കിരാതാർജ്ജുനീയം മുതലായ ഉയർന്ന മഹാകാവ്യങ്ങളിലും, കുവലയാനന്ദം മുതലായ അലങ്കാരഗ്രന്ഥങ്ങളിലും, ശകുന്തളാദിനാടകങ്ങ ളിലും, "സിദ്ധാന്തകൌമുദി" എന്ന വ്യാകരണ ഗ്രന്ഥത്തിലും സുദൃഢമായ പാണ്ഡിത്യത്തോടു

ണ്ട് ആ മൂന്നാലുകൊല്ലംകൊണ്ട് അദ്ദേഹം പാ ഞ്ചമൃത്തതിന്റെ അടുക്കൽനിന്നു സമ്പാദിച്ചത്. ലോകവ്യുൽപത്തിയുടെ വൃദ്ധിക്കും ശുദ്ധിക്കും ഇ തിൽ അധികം ഒന്നും വേണ്ടതില്ലല്ലോ. ഈ ഘ ട്ടത്തിൽതന്നെ ഋഷിയുടെ പാണ്ഡിത്യപ്രകാശ വും സഹൃദയതാസമൃദ്ധിയും സമകാലികന്മാരാ യ പണ്ഡിതാഗ്രേസരന്മാരുടെ സാദരശ്രദ്ധയേ ആവർജ്ജിച്ചിരുന്നു എന്നുള്ളതിന് പല തെളി വുകളും ഉണ്ടായിട്ടുണ്ട്. അവയിൽ അവശ്യം പ്രസ്താവിക്കേണ്ടതായ ഒരു സംഗതിയേ ഇവിടെ കാണിക്കാം.

'ഋഷി'ക്ക് ഇരുപത്തിരണ്ടുവയസ്സു പ്രായമു ള്ളപ്പോൾ 1021-ൽ "മുറജപ"ത്തിനു തിരുവന ന്തപുരത്തേയ്ക്കു പോയി. അന്നു നാടു വാണിരു ന്നത്, ആ ദക്ഷിണഭോജരാജനും, കവിജനമയൂര കാളമേഘവും, പണ്ഡിതപ്രവീണപാരിജാത വും, വൈദുഷ്യംകൊണ്ടും വൈഭവംകൊണ്ടും എ ന്നപോലെ അഗാധമായ കവിത്വംകൊണ്ടും അ ലംകൃതനുമായ സാക്ഷാൽ സ്വാതിതിരുനാൾ രാ മവർമ്മമഹാരാജാവാണ്. ഒരനുഷ്ടുപ്പുശ്ലോകം ച മന്ന് വകക്ക് അയ്യായിരം പണം സംഭാവന യായിക്കൊടുത്ത അവിടുന്നു, ഋഷിയേപ്പോലെ

യുള്ള ഒരു അഭിനവവ്യുൽപ്പന്നനെ അടുത്തുകി
ട്ടിയാൽ വെറുതേ വിട്ടയക്കുമോ? ഒന്നു പരീക്ഷി
ക്കണമെന്നു തീർച്ചപ്പെടുത്തി. ഇരയിമ്മൻ, "ക
രീന്ദ്രൻ" മുതലായ പണ്ഡിതകവീശ്വരന്മാരേ
ക്കൊണ്ടു സവിശേഷം സമുല്ലസിച്ചിരുന്ന അവി
ടുത്തെ വിദ്വൽസദസ്സിൽ പെട്ടവരിൽനിന്നു ന
മ്മുടെ ഋഷിയുടെ യോഗ്യതയും പൂജ്യതയും മഹാ
രാജാവു തിരുമനസ്സുകൊണ്ടു വേണ്ടപോലെ ഗ്ര
ഹിച്ചിരുന്നുവെങ്കിലും ആളെ അവിടുന്നു നേരി
ട്ടറിഞ്ഞിരുന്നില്ല. അങ്ങനെയിരിക്കേ ഒരുദിവ
സം അവിടുന്നു ശ്രീപത്മനാഭസ്വാമിക്ഷേത്ര
ത്തിൽചെന്നു 'തൃക്കൺപാത്തു' ശീവേലിപ്പുര
യിൽ പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുമ്പോൾ ത
ന്റെ വരവിനെ ആദരിച്ചുകൊണ്ട് ഉഭയപാർ
ശ്വങ്ങളിലും ഒഴിഞ്ഞുനില്ക്കുന്ന ബ്രാഹ്മണവരേ
ണ്യന്മാരിൽ ദയാർദ്രമായി ദൃഷ്ടിവിക്ഷേപം ചെ
യ്യുന്നു. അതിന്റെ ഉദ്ദേശം എന്തായിരുന്നാ
ലും, ഓജസ്സുകൊണ്ടും തേജസ്സുകൊണ്ടും തെളി
ഞ്ഞു ദീപിച്ചിരുന്ന ഒരു ഉണ്ണിനമ്പൂതിരി അവി
ടുത്തെ അന്തരംഗത്തെ ബലാദാകർഷിക്കുക
യും, ആ ദേഹത്തിന്റെ "ഊരും പേരും" കൂടേ
യുണ്ടായിരുന്നവരിൽനിന്നു് അവിടുന്നു ഗ്രഹിക്കു

കയും ചെയ്തു. അതു നമ്മുടെ "ഋഷി"യായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

കൊട്ടാരത്തിലെത്തി, 'അമൃതേത്തു' കഴിഞ്ഞ ഉടൻ ഋഷിയെ കൂട്ടിക്കൊണ്ടുവരുവാൻ അരിക്കാരനെ നിയോഗിച്ചു. "ഋഷി" ഊണുകഴിച്ചു പത്മതീർത്ഥത്തിൽ ചെന്നു കൈ കഴുകിക്കയറിയപ്പോഴേക്കും "വെള്ളിവടിക്കാരൻ" അവിടെ ഹാജർ. ഋഷിയോടു കൊട്ടാരത്തിലേക്കു ചെല്ലുവാൻ കല്പിച്ചിരിക്കുന്നുവെന്നും, തന്റെ കൂടെ പോരണമെന്നും ആ ആൾ പറഞ്ഞു. കാര്യത്തിന്റെ 'വാലും തുമ്പും' ഉണ്ടാകാതെ പരിഭ്രമത്തോടെ "അരിക്കാര"നെ ഋഷി അനുഗമിച്ചു. എന്നാൽ, കൊട്ടാരത്തിലെത്തിയപ്പോൾ അദ്ദേഹത്തെ യഥായോഗ്യം സ്വീകരിക്കാൻ ഒരുററ ബന്ധു അവിടെ ഒരുങ്ങി നില്ക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ആശ്ചര്യവും ആനന്ദവുമുണ്ടായി.

മഹാരാജാവു തിരുമനസ്സിലെ പ്രത്യേകപ്രീതിപാത്രവും, ഉത്തമപണ്ഡിതനും ഋഷിയുടെ നാട്ടുകാരനെന്നുമാത്രമല്ല, "പുലക്കാര"നും ആയ ഏററിക്കടെ സുബ്രഹ്മണ്യൻ നമ്പൂതിരിയായിരുന്നു അവിടെ കാണപ്പെട്ട ബന്ധുരബന്ധു. ഋഷിയെ കണ്ടിട്ട ഉടൻ ഏററിക്കടെ അടുത്തുചെന്നു

“ഹസ്തേന ഹസ്തം പരിഗൃഹ്യ” മഹാരാജാവു തിരുമനസ്സിലെ ആസ്ഥാനഹർമ്മ്യത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. മഹാരാജാവു തിരുമനസ്സുകൊണ്ടാവട്ടേ, ഋഷിയെ സസ്നേഹം സ്വീകരിച്ചു കുശലപ്രശ്നം ചെയ്തതിനുശേഷം പഠിപ്പിനെ സംബന്ധിച്ചു പലതും ചോദിച്ചു. അക്കൂട്ടത്തിൽ,

“അധീതിബോധാചരണപ്രചാരണൈർ-
ദ്ദശാശ്ചതസ്രഃ പ്രണയന്നുപാധിഭിഃ
ചതുർദ്ദശത്വം കൃതവാൻ കുതസ്സ്വയം
നവേദ്മിവിദ്യാസു ചതുർദ്ദശസ്വയം.”

എന്നുള്ള നൈഷധീയപദ്യത്തിന്റെ അർത്ഥം പറയാനും തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തു. വിനയപ്രദർശനാർത്ഥം ഋഷി തനിക്കു നിശ്ചയമുണ്ടോ എന്നു സംശയമാണു്, എന്നൊരു “നൂതിരിശ്ശങ്ക” ആദ്യം അവതരിപ്പിച്ചുവെങ്കിലും, മഹാരാജാവു വീണ്ടും നിർബന്ധിച്ചപ്പോൾ ഒട്ടും പരുങ്ങാതെ സവിസ്തരം അങ്ങർത്ഥം പറഞ്ഞു. കുലശേഖരപ്പെരുമാൾ ഋഷിയുടെ അർത്ഥസാമർത്ഥ്യത്തെ അറിഞ്ഞ് അത്യന്തം അഭിനന്ദിക്കുകയും, അനുരൂപമായ സംഭാവനയും ഉൽക്കർഷകരങ്ങളായ ഉപദേശങ്ങളും നൽകി അയക്കുകയുമുണ്ടായി.

320
96090
015:1N24

മിക്കവാറും ഒരവതാരപുരുഷനെന്നു നിർണ്ണയിക്കപ്പെട്ടിട്ടുള്ള 22-ൽ കഴിഞ്ഞ മഹാരാജാവിന്റെ, പ്രീതിബഹുമാനങ്ങൾക്കു നന്നേ ചെറുപ്പത്തിൽതന്നെ പാത്രമായിത്തീർന്ന "ഋഷീവിദ്വാൻ" ഒരസാമാന്യമാന്യനാണെന്നു പറയേണ്ടതില്ലല്ലോ.

ഋഷി, പാച്ചുമൂത്തതവർകളുടെ അടുക്കൽ നിന്നു തികഞ്ഞ ലോകവ്യുല്പത്തിയും, വ്യാകരണത്തിൽ പ്രകരണവ്യുല്പത്തിയും സമ്പാദിച്ചതിന്നുശേഷം അന്നത്തെ പ്രസിദ്ധശാസ്ത്രവിദ്യാലയവും "ചൊവ്വന്നൂരു"ള്ളതുമായ 'സഭാമഠ'ത്തിലേക്കു് ഉപരിപാഠത്തിനായിട്ടും, പഠിപ്പിക്കുന്നതിനായിട്ടും പോവുകയാണുണ്ടായതു്. ഈ "സഭാമഠം" കുന്നംകുളങ്ങരെ അടുത്താകുന്നു. ഇതു് ഇപ്പോഴും പ്രാണഗതപ്രായമായി നിലനില്ക്കുന്ന ഒരു "സഭാമഠ"മാകുന്നു. നമ്പൂതിരിമാരുടെ ശാസ്ത്രീയവിദ്യാഭ്യാസത്തിനായി, തൽപൂർവ്വന്മാരാൽ അനവധി സ്ഥാവരസ്വത്തുക്കളോടും, ജംഗമസ്വത്തുക്കളോടുംകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ആ 'സഭാമഠം' അനവധി വിദ്യാർത്ഥികളുടേയും, അനവധി വിദ്വാന്മാരുടേയും സങ്കേതസ്ഥാനമായിരുന്നു അന്നു്. ഏതു ശാസ്ത്രമെ

ങ്കിലും, എത്രകാലമെങ്കിലും പഠിപ്പിക്കുന്നതിനു ള്ള പണ്ഡിതന്മാരും എല്പ്പാട്ടുകളും അക്കാലത്ത വിടെ ഉണ്ടായിരുന്നു. 1043-ാമാണ്ടുവരെ 'ഋഷിചീദപാ'ന്റെ സ്ഥിരതാമസം അവിടെത്തന്നെ ആയിരുന്നു. അവിടെ താമസം ഉറപ്പിച്ചതോടുകൂടി അവിടെ അടുത്തുള്ള ഒരു വലിയ രാജധാനിയായ "ചെറളയത്തു" രാജാവിന്റെ ഗൃഹത്തിൽനിന്നു ഋഷി ഭാര്യാസ്വീകാരം ചെയ്തു. ഋഷിയുടെ ഭാര്യാപദത്തെ അലങ്കരിച്ചത് സൌന്ദര്യാദിഗുണങ്ങളാൽ ഉർവ്വശിയും, സംഗീതവൈദുഷ്യംകൊണ്ടു സാക്ഷാൽ സരസ്വതീദേവിയുമായ 'ചെറളയത്തിലെ കാവു' മനോൽപ്പാട്ട് എന്ന സതീമണിയായിരുന്നു. ഈ കാവിനെക്കുറിച്ച് ഒരവസരത്തിൽ ഋഷി ചൊല്ലിയതാണ്, സഹൃദയന്മാൎക്കു മുഖസ്ഥമായിരിക്കുന്ന

"കല്യാണാംഗ്യാ യുവതിരനയാ ഹന്ത!
തുല്യാം ഗുണൌഘൈഃ
നാകേ ലോകേ ഭുവി ച ഫണിനാം മന്ദി-
രേ ചാന്യതോവാ,
കാവേത്യേവം ബഹുജനഗിരാ കാമി-
നീ സംപ്രപേദേ
'കാവി'ത്യാഖ്യാമകൃതസുകൃതൈർദ്ദുർല്ല-
ഭാ വല്ലഭാ മേ".

എന്നു പ്രൌഢസരളമായ പദ്യപ്രകാണ്ഡം ഋഷിക്കു കേരളവർമ്മ വലിയ കോയിത്തമ്പുരാനേപ്പോലെയും, ശേഖരകാരനായ നാഗേശഭട്ടനെപ്പോലെയും അനപത്യതാദുഃഖം അനുഭവിക്കുവാൻ ഇടയായിട്ടുണ്ടെന്നാണ് അറിയുന്നത്.

"യഃ പുമാനതിമേധാവീ
ചതുർണ്ണാമേകമശ്നുതേ;
അല്പായുരനപത്യോ വാ
ദരിദ്രഃ പതിതോപി വാ".

എന്നുള്ള വൃദ്ധവചനം വിലയുള്ളതാണല്ലോ. ചൊവ്വന്നൂർ സഭാമഠത്തിൽ വെച്ച് ഋഷി പിഷാരൻ അനവധി വിദ്യാർത്ഥികളെ പഠിപ്പിക്കയും, എല്ലാ പ്രധാനശാസ്ത്രങ്ങളും ആകരാന്തം പഠിക്കയും ചെയ്തു. എങ്കിലും, ഒരു വൈയാകരണന്റെ നിലയിലും, മീമാംസകന്റെ നിലയിലുമാണ് ഋഷിക്കു കൂടുതൽ കേളികിട്ടിയത്. ഈ കാലത്തു കേരളത്തിലെ വ്യുല്പന്നന്മാരുടേയും, ശാസ്ത്രപ്രചാരത്തിന്റേയും സ്ഥിതി എന്തായിരുന്നു എന്നു നാം നോക്കേണ്ടതാണ്. കൂടല്ലൂർ മനയ്ക്കൽ നല്ല വൈയാകരണന്മാരായി 18 പേർ ഉണ്ടായിരുന്നു. അവരിലൊക്കെ മേലേക്കിടയിൽ നിന്നിരുന്ന കൂടല്ലൂർവാസുദേവൻ നമ്പൂതിരിപ്പാട്ടു ദേശാ

ന്തരങ്ങളിൽവെച്ചന്ന് ഉദ്ദണ്ഡപണ്ഡിതരെപ്പോ
ലെ അധൃഷ്യശാസ്ത്രജ്ഞന്മാരായ പരദേശബ്രാഹ്മ
ണരായി വാദിച്ച് അവരെ മടക്കി, അവരിൽനി
ന്ന് അനർഘങ്ങളായ 'സംഭാവന'കളും, അക്ഷ
യ്യവും, അജയ്യവുമായ കിർത്തിയും നേടിയ ആ
ളാണ്. ഇപ്പോഴും ജീവിച്ചിരിക്കുന്ന ഭാഗ്യവാനാ
യ മഹാവൈയാകരണൻ കിള്ളിമംഗലത്തു നടുവ
ത്തു നാരായണൻനമ്പൂതിരി (ചക്രവർത്തി തിരു
മനസ്സുകൊണ്ടു കൊടുത്തിട്ടുള്ള മഹാമഹോപാ
ദ്ധ്യായസ്ഥാനത്തോടുകൂടിയ ആൾ) മുതലായവരു
ടെ ഗുരുഭൂതനായ കൂടല്ലൂർ കുഞ്ഞുണ്ണിനമ്പൂതിരിപ്പാ
ട്ടിലേപ്പോലെ ഒരു മഹാവൈയാകരണൻ, ശ
ബ്ദേന്ദുശേഖരകർത്താവായ നാഗേശഭട്ടന്റെ കാ
ലം കഴിഞ്ഞതിനുശേഷം ഇൻഡ്യയിലുണ്ടായിട്ടു
ണ്ടോ എന്നു സംശയമാണ്. ആരേയും അര
ഞൊടിക്കൊണ്ടു വാദിച്ചു മടക്കിപറഞ്ഞയക്കു
ന്ന 'പട്ടത്തോടം മനക്കൽ' വിദ്വാൻ നമ്പൂതിരി
പ്പാട്ടിലെ പേർ തിരുവിതാംകൂർകാരായ സംസ്കൃ
തശാസ്ത്രജ്ഞന്മാരുടെ അഭിമാനസ്തംഭമായിട്ടാണ്
ഇന്നും മിന്നുന്നത്. വ്യാകരണപാണ്ഡിത്യംകൊ
ണ്ടു നമ്മുടെ ഋഷി ഇപ്പറഞ്ഞവരുടെ കിടയിൽ
ശോഭിച്ചിരുന്നു. വ്യാകരണശാസ്ത്രത്തിൽ അദ്ദേ

ഹത്തോടു സമന്മാരായിട്ടിങ്ങനെ ചിലരുണ്ടായിരുന്നുവെങ്കിലും, മീമാംസാശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ കിടയില്ല, അടുത്തുപോലും നിൽക്കന്നായിനു മലയാളത്തിൽ അന്നും അതിനു മുമ്പും അതിൽ പിന്നീടും ഒരാളും ഉണ്ടായിട്ടില്ല. ആ ഒരു വിഷയത്തിലാണ് ഋഷിക്ക് അധികം മെച്ചമുണ്ടായിരുന്നതു്. വേദാന്തഭാഷ്യവും, മീമാംസയും ചൊവ്വന്നൂർ സഭാമഠത്തിൽ വളരെക്കാലം പഠിച്ചു താമസിച്ചിരുന്ന മഹാവിദ്വാനായ വിശ്വനാഥദീക്ഷിതരുടെ അടുക്കലാണ് ഋഷി പഠിച്ചതു്. വ്യാകരണശാസ്ത്രത്തിൽ ഉപരിപാഠം ലഭിച്ചിട്ടുള്ളതു മുമ്പുപറഞ്ഞ കൂടല്ലൂർ നമ്പൂതിരിപ്പാട്ടിലെ അടുക്കൽനിന്നാണ്. തർക്കത്തിൽ ഋഷിക്കു വലിയ ഭ്രമമുണ്ടായിരുന്നില്ല. "ദീനകരാ" അതുമേ പഠിച്ചിട്ടുള്ളൂ. എന്നാൽ ഗദാധരീയാദിദുർഗ്രഹഗ്രന്ഥങ്ങളുടെ അർത്ഥം പറയുമായിരുന്നുതാനും.

അക്കാലത്തു തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ മൂന്നു സംസ്ഥാനത്തും വർഷംതോറും പലപല വിദ്വൽസദസ്സുകൾ നടന്നിരുന്നു. ആവക സദസ്സുകളിലെ ആധിപത്യം ഋഷി, പട്ടതോൾ വിദ്വാൻ നമ്പൂതിരി, കൂടല്ലൂർ കുഞ്ഞു

ണ്ണിനമ്പൂതിരിപ്പാട്ടു് ഈ പണ്ഡിതപ്രവീണന്മാൎക്കാണു് ലഭിച്ചിരുന്നതു്. സാഹിത്യാമൃതസിന്ധുവായ ആയില്യം തിരുനാൾ മഹാരാജാവു് ഈവക വിദ്വന്മണികളെ എല്ലാം സമ്മേളിപ്പിച്ചു് ഒരു വലിയ വിദ്വൽസദസ്സു നടത്തീട്ടുണ്ടു്. അന്നു മററുള്ളവൎക്കെന്നപോലെ ഋഷിക്കും വീരശൃംഖല, മോതിരം മുതലായവ സംഭാവനയായി നൽകുകയും, പാച്ചുമൂത്തതവൎകളോടു് അദ്ദേഹത്തിന്റേയും പ്രധാനശിഷ്യനായ ഋഷിയെക്കുറിച്ചു വളരെ പ്രശംസിച്ചു പറയുകയും ഉണ്ടായി. സ്വാതിതിരുനാൾ മഹാരാജാവിങ്കൽനിന്നു കുട്ടിക്കാലത്തുതന്നെ വിലയേറിയ പാരിതോഷികങ്ങളും, ലോകവ്യുല്പത്തിവൈഭവംകൊണ്ടു നേടിയ ഋഷി സൎവ്വശാസ്ത്രപാരംഗതനായ കാലത്തു് അവിടുത്തേപ്പോലെതന്നെ പൂജ്യനായ ആയില്യം തിരുനാൾ മഹാരാജാവിങ്കൽനിന്നു വീരശൃംഖല മേടിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ.

ഋഷിയുടെ അടുക്കൽ പഠിച്ചു പണ്ഡിതന്മാരായിട്ടുള്ളവരും വളരേയുണ്ടു്. അവരിൽ പ്രധാനപ്പെട്ട ചിലരാണു്, കഴിഞ്ഞുപോയ കുടമാളൂർ തെക്കേടത്തു നാരായണൻ ഭട്ടതിരിപ്പാട്ടു് (ഇപ്പോഴത്തെ വലിയ ഭട്ടതിരിയുടെ അപ്പൻ), ആ

യുഷ്മാന്മാരായ പൂമുള്ളിമനയ്ക്കൽ അപ്ഫൻനമ്പൂതിരിപ്പാട്ട് (ഇപ്പോഴത്തെ കാരണവൻ), ഋഷിയിൽ പരമേശ്വരൻ നമ്പൂതിരി (വൈദികാദിവിഷയങ്ങളിൽ ഒരു പ്രാമാണികനായ വിദ്ധായകനും, നല്ല വ്യുല്പന്നനും, "പാച്ചുഋഷി" എന്നു പ്രസിദ്ധനുമായ ആൾ) എന്നിവർ.

വൈക്കത്തുന്നു പോയി പത്തുപതിനഞ്ചു കൊല്ലം "സഭാമഠത്തി"ൽ താമസിച്ചതിനുശേഷം, 43-ാംമാണ്ടു മുതൽ പൂമുള്ളിമനയ്ക്കൽ പഠിപ്പിച്ചുകൊണ്ടു് അഞ്ചാറുകൊല്ലം ഋഷി താമസിച്ചു. അതിന്റെശേഷം, മുഴുവനും കുടമാളൂർ ഒതേക്കടത്തു മനയ്ക്കലായിരുന്നു ഋഷിയുടെ താമസം. അദ്ധ്യാപനവൃത്തിതന്നെയായിരുന്നു അവിടേയും അദ്ദേഹത്തിനു ജോലി.

ഇതേവരെ നമ്മുടെ വിദ്വാൻ കൃഷ്ണനൃഷിയേ ഒരു കവിയുടെ നിലയിൽ നാം കാണുക കഴിഞ്ഞിട്ടില്ല. ആ പാപത്തിന്നും ശാന്തിവരുത്താൻ നോക്കട്ടെ.

"നൈവ വ്യാകരണജ്ഞമേതി പിതരം,
ന ഭ്രാതരം താർക്കികം;
ദൂരാൽ സങ്കുചിതേവ ഗച്ഛതി പുനഃ
ചണ്ഡാലവച്ഛാന്ദസം;

മീമാംസാനിപുണം നപുംസകമിതി
ജ്ഞാത്വാ നിരസ്താദരം;
കാവ്യാലങ്കരണജ്ഞമേവ കവിതാ-
കന്യാ വൃണീതേ സ്വയം".

എന്നുള്ള ബില്ഹണചരിത്രപദ്യം അർത്ഥവത്താണെന്നു് ആപാതത്തിൽ നമുക്കു തോന്നാം. എന്നാൽ, ഋഷിയേപ്പോലുള്ള സകലകലാനൈപുണ്യവും കവിത്വവൈഭവവും കൂടിയവരുടെ കഥ ആലോചിക്കുമ്പോൾ അതു വെറും നിരർത്ഥമാണെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. കൂടല്ലൂർ നമ്പൂതിരിപ്പാടന്മാരും, പട്ടത്തോൾ വിദ്വാൻ നമ്പൂതിരിപ്പാടും മററും വാസ്തവത്തിൽ കവികളല്ലാതിരുന്നിട്ടും അവരോടു വളരെക്കാലം സഹചരിച്ച ഇദ്ദേഹത്തിന് അനന്യസാമാന്യമായ കവിതാവൈഭവം ഉണ്ടായതു് ഒരു കൊച്ചത്ഭുതകഥയായിരിക്കുന്നു. ഋഷിയുടെ കവിതകളിൽ സംപൂർണ്ണങ്ങളായ ഗ്രന്ഥങ്ങൾ ഒന്നും ഇതുവരെ കിട്ടിക്കഴിഞ്ഞിട്ടില്ല. എന്തെല്ലാം എഴുതീട്ടുണ്ടെന്നും അദ്ദേഹത്തിന്റെ ജീവിതം ഓരോ ദേശാന്തരങ്ങളിലായിരുന്നതുകൊണ്ടു ശരിയായി അറിയാനിടയായിട്ടില്ല. അതെല്ലാം എന്തിനാണ്? അദ്ദേഹത്തിന്റെ ഒററ

ശ്ലോകങ്ങൾ മതിയല്ലോ. അവയിലെല്ലാം ഋഷിയുടെ മഹാകവിത്വം തെളിഞ്ഞു കളിയാടുന്നുണ്ടെന്നു് ഏതു സഹൃദയനാണറിയാൻ വയ്യാത്തതു്? ശ്രീമാൻ കൊളത്തേരി ശങ്കരമേനോൻ അവർകൾ അദ്ദേഹത്തിൻെറ പല കൃതികളും പ്രസിദ്ധീകരിപ്പാൻ ഇതാ തുടങ്ങിയിരിക്കുന്നു. നമുക്കു ഋഷിയുടെ കവിത്വം, അതു പുറത്തുവരുമ്പോൾ പൂർണ്ണമായി പരിശോധിക്കാം. ഇപ്പോൾ ചില ഒററശ്ലോകങ്ങളെ മാത്രം വായനക്കാരുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കട്ടെ.

ഈ അവസരത്തിൽ മുമ്പു ചേർത്തിട്ടുള്ള "കല്യാണാംഗ്യാ യുവതിരനയാ ഹന്ത തുല്യാ ഗുണൌഘൈഃ" എന്നാദിയായ പദ്യത്തിലെ ശബ്ദഘടനാപാടവവും, മനോധർമ്മമാധുര്യവും, പാകപൂർണ്ണതയും, ധ്വനിയും ഒന്നു മനസ്സിരുത്തി നോക്കാനാണു് ആദ്യമേതന്നെ വായനക്കാരോടു് അപേക്ഷിക്കുവാനുള്ളതു്. ഇതു് ഏററവും പ്രസിദ്ധമായ ഒരു പദ്യമാണെന്നും, സംസ്കൃതത്തിൽ കഷ്ടിച്ച 'വിഭക്തി' ഉണ്ടായിട്ടുള്ളവരൊക്കെ മുഖസ്ഥമാക്കീട്ടുള്ളതാണെന്നും അതുകൂടി ഇല്ലാത്ത തനിമലയാളപണ്ഡിതന്മാരോടു പറയേണ്ടിയിരിക്കുന്നു.

ഇനി ഒരു ശ്ലോകം.

കുന്നംകുളങ്ങരെ അടുത്തുള്ള സഭാമഠത്തിൽ താമസിച്ചിരുന്ന കാലത്തു ഋഷി കൂടക്കൂടെ 'ഗുരുവായൂർ' സ്വാമി ദർശനത്തിനു പോകാറുണ്ടു്. ഒരിക്കൽ ഋഷി ഗുരുവായൂർ ചെന്നപ്പോൾ അവിടെയുള്ള ഒരു വലിയ നായർ തറവാട്ടിൽ ഒരു പരദേശബ്രാഹ്മണൻ ഭാഗവതം വായിക്കുന്നുണ്ടായിരുന്നു. ഒരുദിവസം ഉച്ചതിരിഞ്ഞു വായന കേൾക്കുവാനായി—പരിശോധിപ്പാനായി—ഋഷിയും പോയി. ശാസ്ത്രികൾ നല്ല മിടുക്കനും, വ്യുല്പന്നനുമായിരുന്നു. ഭംഗിയായി അർത്ഥം പറകയും ചെയ്തിരുന്നു. ഋഷി ചെന്നു കുറേനേരം കഴിഞ്ഞപ്പോൾ അവിടെ വായിപ്പിച്ചുകൊണ്ടു് ഇരുന്നിരുന്ന വൈദുഷ്യവതിയായ മധ്യമണി "അസൌകൎയ്യമില്ലെങ്കിൽ ഇനി അവിടുന്നുകൂടി അല്പം വായിച്ചുകേട്ടാൽ കൊള്ളാം" എന്നു പറഞ്ഞു. ഋഷി ഒന്നു മന്ദസ്മിതം ചെയ്തതല്ലാതെ തൽക്കാലം ഒന്നും പറഞ്ഞില്ല. കുറച്ചുകഴിഞ്ഞു വായന നിർത്തിയസമയം "അവിടുന്നെന്താണാവോ ഒന്നും കല്പിക്കാത്തതു്" എന്നു വിനയസമ്പന്നയായ സ്ത്രീ ചോദിച്ചപ്പോൾ, അതിലേറെ വിനയത്തോടുകൂടിയ ഋഷി ചൊല്ലിയതാണു് ഈ പദ്യം:—

"മാകന്ദേ മന്ദമന്ദം മധുരതരരവം
കോകിലൌഘേഷു കൂജ-
ത്സ്വേവം കാകസ്തു ലോകശ്രവണകടുതര-
ധ്വാനകാരീ കഥം സ്യാൽ!
ഇത്ഥം സഞ്ചിന്ത്യ തൂഷ്ണീമഭവമഹമഹോ!
നൈവ സൌശീല്യലോഭാൻ
തസ്മാദസ്മാസു മാഭൂൽ സുമുഖി വിമുഖതാ
ശാന്തശീലാ ഹി സന്തഃ." 2

ഇതിന്റെ അകൃത്രിമമാധുര്യവും, ശബ്ദാർത്ഥനിഷ്കർഷവും ആർക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാകയാൽ ഒന്നും പറയേണ്ടതില്ലല്ലോ.

താഴെ കാണിക്കുന്നതു സപരിഗ്രഹപരിത്യക്തനായ ഒരു പണ്ഡിതബ്രാഹ്മണനെ ഉപാല്ലി കേൾപ്പിച്ചതാണ്.

'രക്തം' സദാപി വിബുധൈരുപഗീയമാനം
സദ്വൃത്തമുത്തമകലാനിലയം ദ്വിജേന്ദ്രം
യാ ത്വാം ന യാസ്യതി വധൂർന്നളിനീവ ചന്ദ്രം
തസ്യാ അഹോ! മഹദവൈമി ജളാശയത്വം". 3

ശ്ലേഷാലങ്കാരഭാസുരമായ പ്രസ്തുതപദ്യത്തിലെ, "ജളാശയത്വ"ത്തിന്റെ സവിശേഷഭംഗി ചർവ്വണാചതുരന്മാരുടെ ഹൃദയത്തെ എത്രദൂരം ചമൽക്കരിക്കുന്നില്ല!

ഇനി, കവി (ഋഷി) സ്വന്തം കൈപ്പടയിലെഴുതിവെച്ചിട്ടുള്ള 'ഭാട്ടരഹസ്യ'മെന്ന മീമാം-

സംഗ്രഹത്തിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്ന പദ്യങ്ങളേയാണ് പകൎത്തുന്നത്—

"ശ്രീവിശ്വനാഥഗുരുഭൂരികൃപാശ്രയേണ
ശ്രീഖണ്ഡദേവകൃത'ഭാട്ടരഹസ്യ'മേതൽ
കൃഷ്ണാഭിധേന ലിഖിതം ധരണീസുരേണ;
പുഷ്ണാതു കൃഷ്ണകൃപയാ ഖലു മംഗളാനി". 1

"ശ്രീഖണ്ഡദേവകൃതിലേഖനതോമദീയം
പാണിദ്വയം പരമഭൂൽ പരിപൂതമേതൽ
ശ്രീപത്മനാഭപദപങ്കഭവ ഭവേസ്മിൻ
തേനാച്ച്നം ച ഭവതാൽ ഭവതാപശാന്ത്യൈ"

"സന്നിരീക്ഷ്യ ലിഖിതാന്യതിമൂഢാ-
സ്സന്തു ദോഷജടിലാനി, ഹസന്തഃ
കിന്തു; ദോഷനിവഹാനപി ദൃഷ്ട്വാ
ക്ഷന്തുമർഹഥ ബഹ്വനീഹസന്തഃ." 3

"ശ്രീവിശ്വനാഥ"മഖിനോ മുഖതോഹ്യധീതം
യേനേഹ തേന ലിഖിതം നിഖിലം കഥംചിൽ
'നാരായണാ'ത്മജനിനാ "മുനി"നാ തദേതൽ
നാനാജനാഃ പരിസമീക്ഷ്യ വിശോധയന്തു!" 4

നോക്കുവിൻ! എന്തൊഴുക്കാണ്! കറകളഞ്ഞ പദങ്ങൾ യമകത്തിനാണെങ്കിൽ ഒരു പ്രയാസവുമില്ല. അർത്ഥമോ അത്യന്തസാത്വികം! തന്റെ വിനയവും, ഗുരുഭക്തിയും, ശാസ്ത്രപ്രതിപത്തിയും, താത്വികവും സാത്വികവുമായ ഹൃദയഭാവങ്ങളും എത്ര പ്രസ്ഫുടമായി പ്രദ്യോതിപ്പി

ച്ചിരിക്കുന്നു. ഈ സരസ്വതീവിലാസംതന്നെയല്ലേ "ചാലക്കമ്പോളത്തിൽനിന്നോ സ്പെൻസർ ആൻറ് കമ്പനിയിൽനിന്നോ നമുക്കു വാങ്ങിക്കളെയാവുന്നതല്ല" എന്നൊരു മഹാകവി പറഞ്ഞത്.

മതി, പറഞ്ഞുതുടങ്ങിയാൽ പകൽ തികയില്ല. അത്യാവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികൾ മുകളിൽ കാണിച്ചു. വിദ്വാൻ കൃഷ്ണനൃഷിയുടെ കൃതികളെ ക്രോഡീകരിച്ചു, വ്യാഖ്യാനത്തോടുകൂടി ജീവചരിത്രവും അടക്കി, ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ ശ്രീമാൻ കൊളത്തേരി ശങ്കരമേനോൻ ഒരുങ്ങിക്കഴിഞ്ഞു എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്റെ പാരായണത്തിലേക്കു വായനക്കാരെ ഉന്മുഖീകരിക്കയാണു് ഇവിടെ ചെയ്യുന്നതെന്നു സങ്കല്പിച്ചാൽ മതി. അതുകൊണ്ടു് ഋഷിയെസ്സംബന്ധിച്ചു ചില കാര്യങ്ങൾകൂടി ഒഴുക്കനായി ഓടിച്ചു പറഞ്ഞേച്ചു മറഞ്ഞുകൊള്ളാം.

കൃഷ്ണനൃഷിയുടെ സ്വഭാവം വളരെ വിശുദ്ധമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതരീതി ഏകദേശം ഒരു സാക്ഷാൽ ഋഷിയുടേതുതന്നെയായിരുന്നു. നിത്യനൈമിത്തികങ്ങളായ കർമ്മകലാപങ്ങളിൽ ഋഷിക്കു വളരെ ശ്രദ്ധയും നി

ഷ്യയും ഉണ്ടായിരുന്നു. എന്നല്ല, 45_ാമാണ്ടുമുതൽ ഒരു ഏകാന്തബ്രഹ്മചര്യം സ്വീകരിച്ചിരുന്ന ആളാണ് അദ്ദേഹം. ഇത്ര വലിയ പണ്ഡിതനായിരുന്നെങ്കിലും, സദസ്സുകളിൽ ഒരു വലിയ വാദവിജിഗീഷുവല്ലായിരുന്നു ഋഷി. ഋഷി, ഒരു മിതവാക്കും മധുരവാക്കും ആയിരുന്നു. ആധാർമ്മികങ്ങളായ ആർഭാടങ്ങളിലും ആഡംബരങ്ങളിലും അദ്ദേഹം അത്യന്തം അസക്തനായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു കോപസ്ഫുരണം ഉണ്ടായിക്കണ്ടിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ സംഘീർഷ്യന്മാരും, ശിഷ്യന്മാരും പറഞ്ഞുകേട്ടിട്ടുള്ളത്.

കൃഷ്ണഋഷി പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തും, പഠിച്ചുകൊണ്ടിരുന്ന ഘട്ടങ്ങളിലുമായി അനേകം ശാസ്ത്രഗ്രന്ഥങ്ങൾ താളിയോലയിലായും, കടലാസ്സിലായും എഴുതി ഇട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കയ്യക്ഷരങ്ങൾ മുത്തുമണികൾപോലെ ദീപ്തങ്ങളാണ്. 'പാണിനീയസൂത്രം', 'കൌമുദി', 'തത്വബോധിനി', 'ഭാട്ടദീപികാ', 'ഭാട്ടരഹസ്യം', മുതലായവ താളിയോലഗ്രന്ഥങ്ങളിലും, ഇന്നും പ്രസിദ്ധീകരിക്കപ്പെടാത്ത പല "ക്രോഡപത്രങ്ങൾ" (പാണിനിയുടെ ഓരോ സൂത്രങ്ങളെ പിടിച്ചുകൊണ്ടുള്ള നിഷ്കരവും ദർ

മവുമായ ശാസ്ത്രവിചാരമാണു് ഈ പറഞ്ഞ ഗ്രന്ഥങ്ങളിലെ വിഷയം. അതിനെ 'ക്രോഡപത്ര'മെന്നു പറയുന്നു. ആയുഷ്മാൻ പണ്ഡിതർ കൃഷ്ണമാചാരി അവർകൾ മദ്രാസിൽനിന്നോ മറ്റോ ചില ക്രോഡപത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഈവക ഗ്രന്ഥങ്ങൾ ദുർല്ലഭങ്ങളും പ്രൗഢഗംഭീരങ്ങളുമാണെന്നു മാത്രമല്ല, ശാസ്ത്രവ്യുല്പത്തിയെ നിശിതമാക്കുകയും ചെയ്യും) ഒന്നാംതരം മഷികൊണ്ടു് ഒന്നാന്തരം കടലാസ്സിലും അദ്ദേഹം വളരെ വൃത്തിയായി എഴുതി ഇട്ടിട്ടുണ്ടു്. അതെല്ലാം ഇപ്പോഴും ഋഷിമനസ്സിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടതാനും. ഋഷി, ധനാഗമമാർഗ്ഗങ്ങളിൽ ഐദംപര്യേണ ഉദ്യമിച്ചിട്ടില്ലെങ്കിലും, നാലായിരം ഉറുപ്പികയോളം സമ്പാദിച്ചു. തെക്കേടത്തു നാരായണൻ ഭട്ടതിരിപ്പാട്ടിലെ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്താണു് ഋഷി, വിദ്വാന്റെ നിര്യാണം. മരണം വളരെ പെട്ടെന്നായിരുന്നു. ദീനം മഹാന്മാർക്കുപോലും മരണകാരണമായി കിട്ടുന്നതല്ലെന്നു പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്ന വിഷൂചികയായിരുന്നു. 1053-ാമാണ്ടു തുലാമാസത്തിൽ അവിട്ടത്തുന്നാൾ തെക്കേടത്തു മനസ്സിൽവെച്ചു 'ഋഷി' പരലോകപ്രാപ്തനായി. അദ്ദേ

ഹത്തിന്റെ മരണവാർത്ത കേട്ടപ്പോൾ അദ്ദേഹത്തിന്റെ പ്രിയമിത്രമായ കൂടല്ലൂർ നമ്പൂതിരിപ്പാട്

"വിഷൂചികായാ മരണം
യോഗിനാമപി ദുർല്ലഭം"

എന്നു ചൊല്ലി ഒരു പ്രകാരത്തിൽ ആശ്വസിക്കുകയും, മീമാംസാശാസ്ത്രത്തിന്റെ പ്രാണൻ പോയതോർത്തു വീണ്ടും ദുഃഖിക്കുകയും ചെയ്തുവത്രെ ആകപ്പാടെ ഋഷിവിദ്വാൻ കേരളത്തിന്റെ ഒരഭിമാനസ്തംഭമാണെന്നു പറഞ്ഞാൽ അതൊരു വെറും സ്വഭാവോക്തിമാത്രമാണെന്നു വിദ്വജ്ജനങ്ങൾക്ക വിഷമംകൂടാതെ വിശ്വസിക്കാം. *

---

* കേരളബ്രാഹ്മണരിൽ (നമ്പൂതിരിമാരിൽ)തന്നെ, നമ്പൂതിരിപ്പാട് നമ്പൂതിരി ഇത്യാദി വിശേഷസ്ഥാനമുള്ളവരും ഇല്ലാത്തവരും ഉണ്ട്. ആ പ്രത്യേകസ്ഥാനം ഇല്ലാത്തവരെ പേരും ഇല്ലപ്പേരും പറഞ്ഞാണ് അവരുടെ ഇടയിൽ നിർദ്ദേശിക്കുന്നത്. അതനുസരിച്ചാണു കൃഷ്ണനൃഷി, നാരായണനൃഷി എന്നൊക്കെത്തന്നെ ഈ ലേഖനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതിലുള്ള തന്മയത്വവും ഔചിത്യവും പൊതുവായനക്കാർ ഓർമ്മിക്കേണ്ടതാകുന്നു.

SEP 1938

# അനർഘരാഘവം

## പദ്യങ്ങളുടെ സാരങ്ങൾ

---

(1) 'ദാരിദ്ര്യസ്യ' എന്നതിന്റെ സാരം:—

അല്ലയോ മഹാരാജാവേ! ദാരിദ്ര്യത്തിന്റെ ദയയെക്കുറിച്ചു ഞാൻ എന്താണു് പറയേണ്ടതു്? എന്തെന്നാൽ;—തനിക്കു നാശം വന്നാലും എനിക്കു മോശം വരരുതെന്നു വിചാരിച്ചു് എന്നേ ഇതാ, അവിടത്തെ അടുക്കൽ കൊണ്ടുവന്നാക്കിയിരിക്കുന്നു!

(2) 'അധീതി'ത്യാദിയുടെ സാരം:—

പതിന്നാലു വിദ്യകളേയും, അദ്ധ്യയനം, അർത്ഥാവഗമം, അനുഷ്ഠാനം, അനുഷ്ഠിപ്പിക്കൽ എന്നിങ്ങനെ നാലവസ്ഥകളേയും പ്രാപിച്ച ഇദ്ദേഹം, ആ ചതുർദ്ദശവിദ്യകളിലും, 'ചതുർദ്ദശത്വ'ത്തെ ഉളവാക്കിയതെങ്ങനേയാണെന്നു് എനിക്കറിഞ്ഞുകൂടാ. സ്വതേതന്നെ 'ചതുർദ്ദശത്വ'മുള്ള വിദ്യകളിൽ വീണ്ടും, 'ചതുർദ്ദശത്വ'മുണ്ടാക്കിയിട്ടു പ്രയോജനമില്ലല്ലോ. പിന്നെ,

പതിന്നാലിനെ, ന്യൂഹവർത്തിക്കുമ്പോൾ, അയ്വത്താറാകുന്നതിനാൽ, ഷട്പഞ്ചാശത്തപമാണ് വരുന്നതു്. കൂടാതെ, 'ചതുർദ്ദശതപം', വരുത്തിയതും അത്ഭുതംതന്നെ. 'ചതുർദ്ദശതപ' ശബ്ദത്തിനു, നാലവസ്ഥാതപം എന്ന അർത്ഥം കൊണ്ടു, ഈ വിരോധങ്ങളെ ഒക്കെ പരിഹരിച്ചു കൊള്ളണം.

(3) 'കല്യാണാംശ്യാ' എന്നതിന്റെ സാരം:—

സർവാംഗസുന്ദരിയായ ഇവളോടു, ഗുണഗണങ്ങളാൽ സദൃശയായ ഒരു സ്ത്രീ ത്രൈലോക്യത്തിൽ ആരാണ്—'കാ വാ'—(ആരുമില്ലെന്നർത്ഥം) എന്നു ബഹുജനങ്ങൾ പറഞ്ഞുവന്നതു കൊണ്ടാണ്, പുണ്യലഭ്യയായ എന്റെ ഭാര്യക്കു, 'കാവു' എന്ന പേരുണ്ടായതു്.

(4) "യഃ പുമാൻ" എന്നതിന്റെ സാരം:—

യാതൊരാളാണോ അതിബുദ്ധിമാനായിട്ടു തീരുന്നതു്, ആ ആൾ, അല്പായുസ്സോ, സന്തതി ഇല്ലാത്തവനോ, ദരിദ്രനോ, ഭ്രഷ്ടനോ ആയിത്തീരുന്നതാണു്.

(5) "നൈവ വ്യാകരണജ്ഞം" എന്നതിന്റെ സാരം:—

കവിതയാകുന്ന കന്യക, വൈയാകരണനെ പിതാവെന്നും, താർക്കികനെ ഭ്രാതാവെന്നും, കരുതി വന്ദിക്കാതിരിക്കുന്നു; വൈദികനെ, ചണ്ഡാളനെപ്പോലെ കരുതി, അയാളുടെ സാമീപ്യത്തെ സഹിക്കാതെ, ഓടിപ്പോകുന്നു; നപുംസകമാണെന്നു കരുതി, മീമാംസകനേയും അവൾ തള്ളിക്കളഞ്ഞു്, കാവ്യാലങ്കാരനാടകാദികളിൽ അഭിജ്ഞനായവനെ മാത്രമാണു് ഭർത്താവാക്കുന്നതു്.

(6) 'മാകന്ദേ മന്ദമന്ദ'മെന്നതിന്റെ സാരം:—

'തേന്മാവിലിരുന്നു തേനുതിരുംവണ്ണം, കോകിലജാലം കൂജനം ചെയ്യുമ്പോൾ, ഒരു കാക്ക ചെന്നു 'ക്രോം'കാരം മുഴക്കുന്നതു് അഭംഗിയല്ലേ' എന്നു കരുതിയാണു് ഞാൻ മിണ്ടാതിരുന്നതു്; അല്ലാതെ, അനാദരംകൊണ്ടല്ലതന്നെ; ആകയാൽ, അല്ലയോ സുന്ദരി! എന്നോടു പരിഭവിക്കരുതു്; സജ്ജനങ്ങൾ ശാന്തപ്രകൃതികളാണല്ലോ?

(7) 'രക്തം സദാപി' എന്നതിന്റെ സാരം:—

എല്ലായ്പ്പോഴും 'സരക്ത'നായും (അനുരാഗത്തോടുകൂടിയവനെന്നും, വർണ്ണവിശേഷത്തോടുകൂടിയവനെന്നും) 'വിബുധ'ന്മാരാൽ (ദേവന്മാരാൽ എന്നും, പണ്ഡിതന്മാരാൽ എന്നും) സ്തുതിക്കപ്പെടുന്നവനായും, "സദ്വൃത്തനായും" (സുശീലനെന്നും, വൃത്താകൃതിയോടുകൂടിയവനെന്നും) 'ഉത്തമ'കലാ'നിലയനാ'യും (ഉൽകൃഷ്ടവിദ്വാൻ എന്നും, പക്ഷംതോറും ഏററവും ഇറക്കവും ഉള്ളവനെന്നും) 'ദ്വിജേന്ദ്ര'നായും (ബ്രാഹ്മണോത്തമനെന്നും, * ബ്രാഹ്മണരക്ഷകനെന്നും) ഇരിക്കുന്ന അങ്ങയേ, ചന്ദ്രനേ—മേൽപറഞ്ഞ വിശേഷണങ്ങൾ ചന്ദ്രനിലും ഘടിപ്പിക്കണം—പത്മിനി എന്നപോലെ പ്രാപിക്കാതിരിക്കുന്ന അവളുടെ 'ജലാശയത്വം' (വിഡ്ഢിത്തമെന്നും, ജലമദ്ധ്യസ്ഥത എന്നും) വളരെ അത്ഭുതകരം തന്നെ.

(൫) 'ശ്രീവിശ്വനാഥ' എന്നതിന്റെ സാരം:—

---

* 'നക്ഷത്രഗ്രഹവിപ്രാണാം
വീരുധാം ചാപ്യശേഷതഃ
സോമം രാജ്യേഽദധാൽ ബ്രഹ്മാ
യജ്ഞാനാം തപസാമപി.'

എന്ന ആഗമം കാൺക.

ബ്രഹ്മശ്രീ വിശ്വേശ്വരദീക്ഷിതരുടെ ദയക്കു പാത്രമായിത്തീർന്ന 'കൃഷ്ണൻനമ്പൂതിരി', 'ശ്രീഖണ്ഡദേവ'ന്റെ 'ഭാട്ടരഹസ്യ'മെന്ന മീമാംസാഗ്രന്ഥം പകർത്തിക്കഴിഞ്ഞിരിക്കുന്നു; വിഷ്ണുഭഗവാന്റെ കൃപകൊണ്ടു മംഗളങ്ങളുയർന്നു വരട്ടേ!

(9) 'ശ്രീഖണ്ഡദേവകൃത' എന്നതിന്റെ സാരം:—

'ശ്രീഖണ്ഡദേവ'ന്റെ ഗ്രന്ഥം പകർത്തിയതുകൊണ്ട്, എന്റെ ഈ കൈ രണ്ടും പരിശുദ്ധമായിരിക്കുന്നു; ഇനി വിഷ്ണുഭഗവാന്റെ പാദാരവിന്ദങ്ങളിൽ, അച്ചനം ചെയ്യുകയേ, ആ കൈകൾക്കു സാധിക്കേണ്ടതുള്ളൂ; അതും സംഭവിക്കട്ടേ!

(10) 'സന്നിരീക്ഷ്യ' എന്നതിന്റെ സാരം:—

പല പിഴകളും കലർന്ന എന്റെ എഴുത്തുകൾ കണ്ടു, അജ്ഞന്മാർ അപഹസിച്ചുകൊള്ളട്ടേ; എന്നാൽ, അല്ലയോ വിദ്വജ്ജനങ്ങളേ! അനേകങ്ങളായ ആ ദോഷങ്ങളെ ഒക്കെ നിങ്ങൾ ക്ഷമിക്കണേ!

(11) 'ശ്രീവി...ശ്വനാഥ' എന്നതിന്റെ സാരം:—

ബ്രഹ്മശ്രീ വിശ്വനാഥദീക്ഷിതരുടെ പ്രധാനശിഷ്യനായിരിക്കുന്നതു യാതൊരാളാണോ, 'നാരായണനൃഷി'യുടെ പുത്രനായ ആ കൃഷ്ണനൃഷി, ഇതെല്ലാം ഒരു പ്രകാരത്തിൽ എഴുതിക്കൂട്ടി; മഹാജനങ്ങൾ ഇതു നോക്കി കുറവുതീക്കട്ടേ!

---

ഋഷിയുടെ വേറേ ഒരു പദ്യം

"അത്യാർദ്രകർദ്ദമസകണ്ടകചാരിപൂരി
തീക്ഷ്ണോപലങ്കുകചകേതകദുർഗ്ഗമാർഗ്ഗേ,
കേചിൽ ഭ്രമന്തി, ഭൃശമുജ്ജ്വലിതാലയാഭി-
സ്സമ്മേളനായ "സരളാപുര"കാമിനീഭിഃ".

സാരം—സഹൃദയകളായ സരളാപുരസ്ത്രീകളോടു സമ്മേളിക്കുന്നതിനായി ചിലരിതാ, ...നഞ്ഞൊലിച്ചു കല്ലും മുള്ളും ചെള്ളവും ചെളിയും നിറഞ്ഞ വഴിയിൽ ചുററിത്തിരിയുന്നു.

---

26 DEC 1953